"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് കൃഷി ആഫീസർ ശ്രീമതി പ്രഭാകുമാരി - യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1116/2024/AGRI തീയതി,തിരുവനന്തപുരം, 28-11-2024

---

പരാമർശം:- 1. 24.08.2017 ലെ സ.ഉ. (പി) നം. 112/2017/ധന ഉത്തരവ്

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 14.05.2024 ലെ ADFW/2500/2024-SE 1 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ കൊടുമൺ കൃഷി ഭവനിൽ സേവനത്തിലിരിക്കുന്ന അസിസ്റ്റന്റ് കൃഷി ആഫീസർ ശ്രീമതി പ്രഭാകുമാരിയ്ക്ക് വിള ഇൻഷ്വറൻസ് എന്ന വിഷയത്തിൽ പന്തളം FTC ൽ വച്ചു സംഘടിപ്പിച്ച ട്രെയിനിങ്ങിനായി പങ്കെടുക്കാൻ പോകുന്ന വഴി ബസപകടം സംഭവിച്ചതിനാൽ ശസ്ത്രക്രിയയ്ക്കും തുടർന്നുള്ള ചികിത്സയ്ക്കുമായി 29/11/2023 മുതൽ 90 ദിവസത്തേക്കും തുടർന്ന് 26/02/24 മുതൽ 2 മാസത്തേയ്ക്കും കൂടി പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റും അനുബന്ധരേഖകളും സഹിതം സഹിതം സമർപ്പിച്ച അപേക്ഷ പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ കൊടുമൺ കൃഷി ഭവനിൽ സേവനത്തിലിരിക്കുന്ന അസിസ്റ്റന്റ് കൃഷി ആഫീസർ ശ്രീമതി പ്രഭാകുമാരി- യ്ക്ക് 29.11.2023 മുതൽ 119 ദിവസത്തേക്ക് (26.03.2024 വരെ ) കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചു കൊണ്ടും 27.03.2024 മുതൽ 26.04.2024 വരെയുളഅള കാലയളവിലേയ്ക്ക് ചട്ടപ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയ ശേഷം ടിയാളുടെ ക്രഡിറ്റിലെ ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് , തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള , തിരുവനന്തപുരം.
ശ്രീമതി പ്രഭാകുമാരി., കൃഷി അസിസ്റ്റന്റ് (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/131/2024-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 29-11-2024 15:37:19
സെക്ഷൻ ഓഫീസർ